# നീണാൾ വാഴട്ടെ നാമക്കലിലെ കോഴികൾ

നാമക്കലിൽ കോഴികൃഷി എല്ലാ കാലവും ഉണ്ടാവട്ടെ എന്നാണ് മടക്കരക്കാരുടെ പ്രാർഥന. മടക്കരയുടെ കക്ക ലോഡ്കണക്കിന് കയറ്റിപ്പോകുന്നത് ഇപ്പോൾ തമിഴ്നാട്ടിലെ നാമക്കലിലേക്കാണ്. അവിടെ കോഴിത്തീറ്റ ഉണ്ടാക്കാൻ കക്ക ഒരു അവശ്യവസ്തുവാണ്.

ചില ദിവസങ്ങളിൽ നാല് ലോറിവരെ കക്ക ഇവിടെ നിന്ന് കയറ്റി കൊണ്ടുപോകാറുണ്ട്. കണ്ണൂരിൽ ലോഡിറക്കാൻ വരുന്ന തമിഴ്നാട് ലോറികളിൽ ചിലത് മടക്കയാത്രയിൽ കക്കയുമായാണ് പോകുക. 'കണ്ണൂരിലെത്തിയാലേ അറിയൂ തിരിച്ചുപോവുമ്പോൾ കക്ക കയറ്റണമെന്ന കാര്യം. ചോദിച്ച് ചോദിച്ച് മടക്കര കണ്ടുപിടിക്കും' -ലോറി ഡ്രൈവർ നാമക്കൽ സ്വദേശി ഭാസ്കരൻ പറഞ്ഞു. മറ്റൊരു ഡ്രൈവറായ ഗോവിന്ദരാജും സഹായി ബാലകുമാറുമാണ് ഭാസ്കരന് യാത്രയിൽ കൂട്ട്.

നാമക്കലിൽ കക്ക പൊടിക്കാൻ കൂറ്റൻ യന്ത്രമുണ്ടെന്ന് ഗോവിന്ദരാജ് പറഞ്ഞു. 'കക്ക ആദ്യം പൊടിയാക്കി മാറ്റി അതിനോടൊപ്പം മക്കച്ചോളവും മീൻകുറുവാഡും (മീൻപൊടി) ചേർത്താൽ ഒന്നാം തരം കോഴിത്തീറ്റയായി.' -ഗോവിന്ദരാജ്. ചെലവുകുറഞ്ഞ ഈ കോഴിത്തീറ്റ കോഴികൾക്ക് അത്യുത്തമമാണെന്ന് നാമക്കൽ നിവാസികൾ അനുഭവത്തിലൂടെ കണ്ടെത്തിയതാണ്. ഈ തീറ്റ കൊടുത്തതിൽ പിന്നെ കോഴികൾ ഉറച്ച തോടുള്ള മുട്ടകൾതന്നെ ഇടുന്നുണ്ടെന്ന് ഗോവിന്ദരാജ് പറഞ്ഞു. തോടുറക്കാത്ത മുട്ടയിടുന്ന കോഴികളായിരുന്നു നാമക്കലുകാരുടെ ആദ്യകാല പ്രശ്നങ്ങളിൽ ഒന്ന്. മുട്ട ഉറപ്പുള്ളതാക്കാൻ അവർ പല പരീക്ഷണങ്ങളും നടത്തി. മടക്കരയിലെ കക്ക കിട്ടയതോടെ അവരുടെ പ്രശ്നങ്ങളും തീർന്നു.

ഈവർഷത്തെ കനത്ത മഴ കക്കവാരൽ തൊഴിലാളികൾക്ക് കുറച്ച് അനുഗ്രഹമായിട്ടുണ്ട്. വെള്ളം കുത്തിയൊലിച്ചപ്പോൾ പുഴത്തട്ടിൽ കക്കയുള്ള ഭാഗം തെളിഞ്ഞുവന്നു. ഇത്തവണ കൂടുതൽ സ്ഥലത്ത് ഖനനം നടത്താനാവുമെന്നാണ് പ്രതീക്ഷ. മടക്കര പാലം നിർമിക്കാൻ മണ്ണിട്ടതിനാൽ പുഴയുടെ വീതി കുറഞ്ഞതും ഒഴുക്ക് കൂടിയതും കക്കവാരലിന് അനുകൂലമായിട്ടുണ്ട്. വീതി കുറഞ്ഞ പുഴഭാഗത്തുകൂടെ വെള്ളം കുത്തിയൊലിച്ചത് കക്ക പുറത്ത് കാണുന്നതിന് സഹായകമായി. പക്ഷേ മണ്ണിട്ടുള്ള പാലംപണി മീൻപിടിക്കുന്നവരെ നന്നായി വലച്ചിട്ടുണ്ട്.



നാമക്കലിൽനിന്ന് വന്ന ലോറിയിൽ കക്ക കയറ്റുന്ന ഗോപാലനും (വലത്) സഹായിയും

ലോറിയിൽ കക്ക കയറ്റുന്ന ഗോപാലനും ഈ സീസൺമോശമല്ല. മൂന്നുവർഷമായി ലോഡിങ് തൊഴിലാളിയാണ് ഗോപാലൻ. ഒരു ലോറിയിൽ കക്ക നിറച്ചാൽ 250 രൂപയാണ് കൂലി. ആഴ്ചയിൽ രണ്ടുതവണയെങ്കിലും ജോലി കിട്ടുന്നുണ്ടെന്ന് ഗോപാലൻ പറഞ്ഞു. ലോറി വരാത്ത ദിവസങ്ങളിൽ മടക്കര പുഴയിലിറങ്ങി മീൻ പിടിക്കും. ഇത് വിറ്റാൽ കിട്ടുന്ന തുക ഗോപാലനെ സംതൃപ്തനാക്കുന്നു.




## പുഴതന്നെ ജീവിതം 2

പുഴ-ഉപയോഗവും ദുരുപയോഗവും എന്ന വിഷയത്തിൽ സി.എസ്.ഇ മീഡിയ ഫെലോഷിപ്പിൻെറ ഭാഗമായി തയ്യാറാക്കിയ റിപ്പോർട്ടിൽ നിന്ന്

കെ.സജീവൻ

പുഴയോടുള്ള ആശ്രിതത്വം ജില്ലയിൽ ഏറ്റവും കൂടുതലുള്ള സ്ഥലമണ് മടക്കര. അഴിമുഖത്തിൻെറ സാമീപ്യമുള്ളതിനാൽ കക്ക ഇവിടെ സുലഭമാണ്. മീനും സുലഭമായിരുന്നു. ചില പ്രതികൂല ഘടകങ്ങൾ മത്സ്യമേഖലയെ തളർത്തിക്കൊണ്ടിരിക്കുകയാണ്.

കാരച്ചെമ്മീനും, നത്തലും, ഏട്ടയും, കൊറപ്പാനും സുലഭമായിരുന്ന മടക്കര ഭാഗത്ത് ഇപ്പോൾ കാര്യങ്ങൾ അത്രയ്ക്ക് ഭംഗിയല്ല. മീൻ കുറയാനുള്ള കാരണങ്ങളെന്താണെന്ന് മീൻപിടിത്തക്കാർക്കറിയാം. അത് നീക്കിക്കിട്ടാൻ നിവേദനങ്ങളുമായി അധികാരികളെയും ജനപ്രതിനിധികളെയും പലവട്ടം കണ്ടിട്ടുണ്ട് തൊഴിലാളികൾ.

**(നാളെ: കുറയുന്ന മീൻ, പുകയുന്ന അസ്വാസ്ഥ്യം)**

# ചെമ്മീൻ പുഴുവും നാമക്കലിലേക്ക്



വനം വകുപ്പിനോടാണ് അഷ്ഷറിൻെറ ദേഷ്യം മുഴുവനും. പുഴയുടെ തീരത്ത് വെയിൽ കിട്ടുന്നിടത്തൊക്കെ ഇവർ ചവോക്ക് മരത്തൈകൾ നട്ടതോടെ അഷ്ഷറും സഹ തൊഴിലാളികളും കടൽത്തീരത്തേക്ക് പോന്നു. എന്നാൽ അവിടെയും തൈകൾ നടാൻ തുടങ്ങിയിട്ടുണ്ട്. 'ചെമ്മീൻ പുഴുവിനെ ഉണക്കാൻ ഇനി ഞങ്ങളെങ്ങോട്ടുപോകും?' -ഇതാണ് ഇവരെല്ലാം ചോദിക്കുന്നത്.

വലക്കാർ വലിച്ചെറിയാറുണ്ടായിരുന്ന ചെമ്മീൻപുഴുവും ഇവരുടെ ജീവിതവും നമ്മിൽ വലിയൊരു ബന്ധമുണ്ട്. ഈ ബന്ധം ഉറപ്പിക്കുന്നതാവട്ടെ തമിഴ്നാടും.

കടലിൽ വലയിൽ കുടുങ്ങുന്ന ജീവിയാണ് 'സ്റ്റില്ല' എന്ന ചെമ്മീൻ പുഴു. ഇത് ഭക്ഷ്യയോഗ്യമല്ല. വലയിൽപ്പെട്ടാൽ മുമ്പൊക്കെ കടലിൽത്തന്നെ കളയുമായിരുന്നു. എന്നാൽ ഇന്നിതിന് ആവശ്യക്കാരുണ്ട് -കോഴി കർഷകർ. അതോടെ ബോട്ടുടമകൾ ഇത് കരയിലെത്തിച്ചു. അവർക്ക് ഇന്ധനത്തിനുള്ള കാശുമായി. നാമക്കലാണ് ചെമ്മീൻ പുഴുവിൻെറ മാർക്കറ്റ്. അവിടത്തെ കോഴികൃഷി, കക്കയെപ്പോലെ ചെമ്മീൻ പുഴുവിനെയും ആശ്രയിക്കുന്നു. കോഴിയുടെ തൂക്കം കൂട്ടാൻ ചെമ്മീൻപുഴുവിൻെറ പൊടി ഉത്തമമാണെന്ന് തമിഴ്നാട്ടുകാർ കണ്ടുപിടിച്ചു. മലബാർ തീരത്ത് ഈ ജീവി കൂടുതലുണ്ടെന്നറിഞ്ഞ നാമക്കലിലെ കോഴികർഷകർ ഇവിടെ ആളുകളെ ഏർപ്പെടുത്തി ഇത് ശേഖരിക്കുന്നു. കടപ്പുറത്ത് പൂഴിപ്പരപ്പിൽ ഉണക്കിയെടുത്താണ് കയറ്റി അയക്കുന്നത്. ആറ് രൂപ കിട്ടും ഒരു കിലോയ്ക്ക്. ഏജൻറുമാർ വന്ന് വാങ്ങിക്കൊള്ളും.

അഷ്ഷറും ഐവിയും ശാന്തയും അശ്റഫുമെല്ലാം ചെമ്മീൻപുഴുവിനെ ആശ്രയിച്ച് ജീവിക്കുന്ന തൊഴിലാളികളാണ്. ഇതിനെ ഉണക്കാനിടുകയും കാവലിരിക്കുകയുമാണ് ഇവരുടെ തൊഴിൽ. ദിവസക്കൂലി 100 രൂപ. നവംബർ മുതൽ മാർച്ച്-ഏപ്രിൽ വരെയേ ഈ തൊഴിലുണ്ടാകൂ. മഴയായാൽ ഉണക്കാൻ ബുദ്ധിമുട്ടാവും. അതുവരെ ഇതൊരു വരുമാനം തന്നെ -ഐവി പറഞ്ഞു.

പക്ഷേ ഫോറസ്റ്റുകാര് ഇങ്ങനെ തുടങ്ങിയാലോ -ചെമ്മീൻപുഴുവിനെ ഉണക്കാനിടുന്ന സ്ഥലത്തെ തൈകൾ ചൂണ്ടി അവർ ചോദിക്കുന്നു.